**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2431** **12-12-2022 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണ, ഗോതമ്പ് വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തിയ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ കാർഡ് ഉടകൾക്ക് ലഭ്യമായികൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി മണ്ണെണ്ണയുടെ വിഹിതത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും കേന്ദ്ര സർക്കാർ കുറവ് വരുത്തുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമായ സബ്സിഡി മണ്ണെണ്ണയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനത്ത് 2019 ആദ്യപാദം വരെ 13908 കിലോലിറ്റർ പി.ഡി.എസ് സബ്സിഡി മണ്ണെണ്ണ ലഭ്യമായിരുന്നു. തുടർന്ന് (ജൂലൈ മുതൽ സെപ്റ്റംബർ) രണ്ടാം പാദത്തിൽ ആയത് 9264 കിലോലിറ്റർ ആയി കുറവ് വരുത്തി. ടി സമയം സംസ്ഥാനത്ത് ഇലക്ട്രിഫൈഡ് കാർഡുകൾക്കും, നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്കും യഥാക്രമം 1/2 ലിറ്റർ, 4 ലിറ്റർ എന്ന അളവിലാണ് വിതരണം ക്രമീകരിച്ചിരുന്നത്. 9264കിലോലിറ്റർ മണ്ണെണ്ണ ഇരു പാദത്തിലെയും അവസാന മാസങ്ങളിൽ മുഴുവൻ വിഭാഗം കാർഡുകൾക്കും മേൽ പറഞ്ഞ അളവിൽ പൂർണ്ണമായി വിതരണത്തിന് തികഞ്ഞിരുന്നില്ല. തുടർന്ന് 2021 - 22 സാമ്പത്തിക വർഷത്തിൽ പി.ഡി.എസ് മണ്ണെണ്ണയുടെ അളവ് വീണ്ടും കുറച്ച് 6480 കിലോലിറ്റർ ആക്കി. ടി സമയം മുതൽ സംസ്ഥാനത്തെ മണ്ണെണ്ണ വിതരണം ത്രൈമാസമായി ക്രമീകരിക്കേണ്ടി വന്നു. എ.എ.വൈ, പി.എച്ച്.എച്ച് കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1 ലിറ്റർ മണ്ണെണ്ണയും എൻ.പി.എസ്, എൻ.പി.എൻ.എസ് വിഭാഗം കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 8 ലിറ്റർ മണ്ണെണ്ണയും ആയി വിതരണം ക്രമീകരിച്ചു. 2022-23 നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ മണ്ണെണ്ണ വിഹിതം 3888 കിലോ ലിറ്റർ ആയി പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ മണ്ണെണ്ണ വിതരണത്തിന് |

| | | | |
|---|---|---|---|
| | | | കാര്യമായ പ്രതിസന്ധിയുണ്ടാകുകയും, ഇലക്ട്രിഫൈഡ് കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും, നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 6 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ വിതരണതോത് ക്രമീകരിക്കേണ്ടതായും വന്നു. മേൽ പറഞ്ഞ അളവിൽ വിതരണം നടത്തുന്നതിന് ഒരു പാദത്തിൽ 4728 കിലോലിറ്റർ മണ്ണെണ്ണ ആവശ്യമായി വരുന്നു. എന്നാൽ കേന്ദ്രം അനുവദിക്കുന്ന വിഹിതം 3888 കിലോലിറ്റർ മാത്രമാണ്. അതായത് ഓരോ പാദത്തിലും 840 കിലോലിറ്റർ മണ്ണെണ്ണയുടെ കുറവ് ഉണ്ടാകുന്നു. |
| (ബി) | സംസ്ഥാനത്തെ വിവിധ കാർഡ് ഉടമകൾക്ക് ലഭ്യമായികൊണ്ടിരുന്ന ഗോതമ്പ് വിഹിതത്തിൽ കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷങ്ങളെക്കാൾ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ബി) | ഉണ്ട്. ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യധാന്യ വിഹിതത്തിൽ 2022 മെയ് മാസം വരെ ടൈഡ് ഓവർ വിഭാഗത്തിൽ ലഭ്യമായിക്കൊണ്ടിരുന്ന 6459.074 മെ.ടൺ ഗോതമ്പ് കുറവു ചെയ്ത് പകരം അത്രയും അളവ് അരി കൂടി 2022 ജൂൺ മാസം മുതൽ അനുവദിച്ചു വരുന്നു. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം 2022 ഏപ്രിൽ വരെ 15729.60938 മെ.ടൺ ഗോതമ്പ് അനുവദിച്ചിരുന്നു പ്രസ്തുത ഗോതമ്പ് 2022 മെയ് മുതൽ ഒഴിവാക്കി പകരം അരിയാണ് അനുവദിച്ചു നൽകുന്നത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| സാമ്പത്തിക വർഷം | ലഭിച്ച മണ്ണെണ്ണ കിലോലിറ്ററിൽ | ആകെ |
|---|---|---|
| 2019-20 | ആദ്യപാദം 13908 കിലോലിറ്റർ.അതിന് ശേഷമുള്ള 3 പാദങ്ങളിൽ 9264 കിലോലിറ്റർ | 41700 കിലോലിറ്റർ |
| 2020-21 | നാല്  പാദങ്ങളിലും 9264 കിലോലിറ്റർ | 37056 കിലോലിറ്റർ |
| 2021-22 | നാല്  പാദങ്ങളിലും 6480 കിലോലിറ്റർ | 25920 കിലോലിറ്റർ |
| 2022-23 | ആദ്യ മൂന്ന് പാദങ്ങളിലും 3888 കിലോലിറ്റർ | 11664 കിലോലിറ്റർ |